നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 21, ബുധൻ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 24

നിയമസഭ 1979 മാർച്ച് 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു).

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ഓട്ടോറിക്ഷാ, ടാക്സി വാടകയ്ക്ക് രസീതു നൽകാൻ നടപടി

* 547 [581] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

യാത്രക്കാരിൽനിന്നും കൂടുതൽ വാടക ഈടാക്കുന്നത് തടയാൻ ഓട്ടോറിക്ഷയ്ക്കും ടാക്സിക്കാറിനും വാടക നൽകുന്നതിന് രസീത് നൽകുന്ന സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ.നാരായണക്കുറുപ്പ്): ഇക്കാര്യം ഗവൺമെൻറിൻെറ പരിഗണനയിലാണ്.

ശ്രീ. പി. ബാലൻ: രസീതുകൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നോ; ഉണ്ടായിരുന്നെങ്കിൽ അതു എപ്പോഴാ മാറ്റി; ഇന്നു യാത്രക്കാർക്കു കൂടുതൽ കൂലി കൊടുക്കേണ്ടിവരുന്നകാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: യാത്രക്കാരിൽനിന്നും കൂടുതൽ ചാർജ് ഈടാക്കുന്നു എന്ന പരാതികളും ലഭിക്കുന്നുണ്ട്. ഇപ്പോൾ രസീതു കൊടുക്കുന്ന സമ്പ്രദായമില്ല. രസീതു കൊടുക്കാതെതന്നെ മോട്ടോർവെഹിക്കിൾസ് ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാരെക്കൊണ്ട് കൂടുതൽ കൂടുതൽ ചെക്കുചെയ്യിച്ചും പോലീസ് ഉദ്യോഗസ്ഥൻമാരെക്കൊണ്ട് കൂടുതൽ ചെക്കു ചെയ്യിച്ചും കൂടുതൽ ചാർജ് ഈടാക്കുന്നതു നിറുത്തൽ ചെയ്യാമെന്നു ഗവൺമെൻറു കരുതുന്നു. അതല്ല രസീതു കൊടുക്കണമെന്നാണു ബോദ്ധ്യപ്പെടുന്നതെങ്കിൽ അതിനെപ്പറ്റിയും ആലോചിക്കാം.

ശ്രീ. പി. ബാലൻ: പോലീസുകാരുടേയും ആർ.ടി.ഏ.യുടെയും പരിശോധന കേവലം ചടങ്ങുകൾ മാത്രമാണ്. അതു ഫലപ്രദമാകുന്നില്ലെന്നുള്ളതു പരിഗണിച്ച് ഫലപ്രദമാക്കാൻ വല്ല നടപടിയും സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ചടങ്ങിനുപരിയായി അതു ഫലപ്രദമായി നടപ്പിലാക്കാൻവേണ്ട കർശനമായ നടപടികളാണ് അടുത്ത കാലത്ത് എടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. പി.ആർ. കുറുപ്പ്: ജില്ലാ ഹെഡ്കാർട്ടേഴ്സിൽ എല്ലാം ഓടിക്കൊണ്ടിരിക്കുന്ന ആട്ടോറിക്ഷകളിൽ നിർബന്ധമായും മീറ്റർ ഘടിപ്പിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുള്ളതായി പത്രങ്ങളിൽ കണ്ടു. അതിന് അയവു വരുത്താനുദ്ദേശമുണ്ടോ; അതോ കർശനമായി നടപ്പിലാക്കാനോ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: അവസാനമായ നിർദ്ദേശം കൊടുത്തിട്ടില്ല. അയവുവരുത്തുന്ന കാര്യം ആലോചിക്കുവാൻ ഇപ്പോൾ സാധ്യമല്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: പതിനായിരക്കണക്കിനു ടാക്സി ഡ്രൈവർമാരും ആട്ടോറിക്ഷാക്കാരും കാറുകളുടെയും സ്പെയർപാർട്ടുകളുടെയും പെട്രോളിൻറെയും വിലക്കൂടുതൽ കാരണം പട്ടിണിയിലാണെന്നുള്ള കാര്യം കണക്കിലെടുത്തു അവരെ രക്ഷിക്കുവാൻവേണ്ടി ഏതെങ്കിലുമൊരു സംവിധാനം ഏർപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അടുത്തകാലത്തുണ്ടായ പെട്രോളിൻറേയും സ്പെയർപാർട്ടുകളുടേയും വിലവർദ്ധനവു കണക്കിലെടുത്തുകൊണ്ട് ഇന്നു നിലവിലുള്ള റേറു പുനഃപരിശോധിക്കണമെന്നു ഗവൺമെൻറ് തീരുമാനമെടുത്തു; അടുത്ത ആഴ്ചയിൽ അവരുടെയോഗം വിളിച്ചുകൂട്ടുന്നുണ്ട്.

ശ്രീ. പി. സി. ജോസഫ്: തൊഴിലാളികൾക്കു ബുദ്ധിമുട്ട് ഉണ്ടെങ്കിലും ഇല്ലെങ്കിലും എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും കൃത്യമായ നിരക്കുവച്ച് ഒരുപോലെ കൂലി ഈടാക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ ദയവുണ്ടാകുമോ? കഴിഞ്ഞകാലങ്ങളിൽ ചില നഗരങ്ങളിൽ കൃത്യമായി മീറ്ററിൻറെ അടിസ്ഥാനത്തിൽ പണം പിരിക്കുകയും മറ്റു ചില സ്ഥലങ്ങളിൽ ഇഷ്ടംപോലെ പണം പിരിക്കുകയും ചെയ്ത നടപടികളാണുണ്ടായിരുന്നത്. ഉദാഹരണത്തിനു കൊച്ചിയിൽ മീറ്റർ അനുസരിച്ചും തിരുവനന്തപുരത്ത് ഇഷ്ടംപോലെയും പിരിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ജില്ലാതലസ്ഥാനങ്ങളിൽ മാത്രമല്ല സ്റ്റേറ്റർ ഒട്ടുക്ക് ഒരേ ചാർജ്ജ് ഈടാക്കണമെന്നതാണ് ആവശ്യം. ചില സ്ഥലത്തു കൂടുതൽ വാങ്ങിക്കുന്നുണ്ട്. അതിനെപ്പറ്റിയുള്ള പരാതികളും ഉണ്ട്, അതന്വേഷിക്കുന്നുണ്ട്. നടപടികളെടുക്കുന്നുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പോലീസിനെ ഏൽപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞു. പോലീസിനെ ഏൽപ്പിച്ചിരിക്കുന്നതുകൊണ്ട് യാത്രക്കാർക്കോ ടാക്സിക്കാർക്കോ ഗുണമില്ല. അതു ഞാൻ ഇവിടെ പറയുന്നില്ല. അതുകൊണ്ട് രസീതു കൊടുക്കാനുള്ള നിർബന്ധം വയ്ക്കുകയും ജില്ലാതലസ്ഥാനങ്ങളിൽ മീറ്റർ വയ്ക്കണമെന്നു നിർദ്ദേശിച്ചിട്ടുള്ളതു മീറ്റർ വാങ്ങിക്കുവാൻ പണം ഇല്ലെന്നുള്ള പരാതി അവർ ഉന്നയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ രസീതു കൊടുക്കുവാനുള്ള സമ്പ്രദായം ഏർപ്പെടുത്തുന്നതോടൊപ്പംതന്നെ ഇക്കാര്യത്തിലും പരിഹാരം ഉണ്ടാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: രസീതു കൊടുക്കുന്നതാണു എല്ലാ പേർക്കും ഗുണപ്രദമെങ്കിൽ, സൗകര്യപ്രദമെങ്കിൽ അതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കാം. മീറ്റർവയ്ക്കുന്നതിനു കർശനമായ നടപടി എടുത്തിട്ടുണ്ടെങ്കിലും മീറ്റർ വാങ്ങിക്കുവാൻ പണമുണ്ടാക്കുവാനുള്ള സമയം വേണമെന്ന പരാതിയെസംബന്ധിച്ച് ഇന്നലെ വൈകിട്ടുതന്നെ അവരുമായി കൂടിയാലോചിക്കുകയും അടുത്ത 4.-ാം തീയതി കൂടുതൽ ആലോചനയ്ക്കുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്തിരിക്കുകയാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അടുത്ത ആഴ്ചയിൽ ചർച്ച നടത്തുമെന്ന്. അതോടൊപ്പംതന്നെ ഒരു വെൽഫെയർ ഫണ്ട് സ്കീം ഉണ്ടാക്കുവാനുള്ള നടപടികൂടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: റേറ്റുകളെല്ലാം തീരുമാനിച്ചശേഷം പിന്നീട് ആലോചിക്കേണ്ട കാര്യമാണ്, ആലോചിക്കാവുന്നതാണ്.

ശ്രീ. പിണറായി വിജയൻ: പോലീസ് സ്റ്റേഷനിൽ ഇത്ര കേസുകളും ടാക്സികളുടെയും ആട്ടോറിക്ഷകളുടെയും പേരിൽ എടുത്തിരിക്കണമെന്നു നിർബന്ധമുണ്ട്. പകൽ ഓടുന്ന വണ്ടികൾക്കു ഡിംലൈറ്റ് ഇല്ലെന്നു പറഞ്ഞു കേസുകളെടുത്തിട്ടുള്ള കാര്യം അറിയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കുറ്റം കണ്ടാൽ നടപടിയെടുക്കണമെന്ന് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്; അതനുസരിച്ചു നടപടിയെടുക്കുന്നുമുണ്ട്.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, എത്ര കേസുകളും എടുത്തിരിക്കണമെന്ന ഒരു ടാർജറ്റ് പോലീസിനു നൽകിയിട്ടില്ല.

ശ്രീ. എസ്. ത്യാഗരാജൻ: മീറ്റർ വച്ചിട്ടുള്ള സ്ഥലങ്ങളിൽ പോലും റിട്ടേൺട്രിപ് ഇല്ലെങ്കിൽ മീറ്ററിൽ കാണുന്നതിനെക്കാൾ കൂടുതൽ ചാർജ്ജ് ഈടാക്കുന്നുണ്ട്. അതുകൊണ്ട് റിട്ടേൺ ട്രിപ് ഉണ്ടെങ്കിൽ അതിന് ഒരു റേറ്റും റിട്ടേൺട്രിപ് ഇല്ലെങ്കിൽ വേറൊരു റേറ്റും എന്ന നിലയിൽ യാഥാർത്ഥ്യബോധത്തോടുകൂടി ഒരു റേറ്റ് തീരുമാനിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: വളരെയേറെ യാഥാർത്ഥ്യബോധത്തോടുകൂടി റിട്ടേൺട്രിപ്പ് ഇല്ലാത്തസ്ഥലത്ത് കൂടുതൽ തുക ഈടാക്കാനുള്ള ആലോചനയും നടന്നുവരികയാണ്.

ശ്രീ. എം. വി. രാഘവൻ: മീറ്റർ എല്ലാ സ്ഥലത്തും വയ്ക്കുന്നതിനും അതു കൃത്യമായി പാലിക്കുന്നതിനും പോലീസിനെ ഏൽപ്പിച്ചതുകൊണ്ട് കഴിയുമെന്നു വിശ്വാസമില്ല. അതുകൊണ്ട് ട്രേഡ് യൂണിയനുകളുടെ സഹകരണം കൂടെ തേടാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: തൊഴിലാളികളുടെ കുറ്റം കണ്ടുപിടിക്കുവാൻ ട്രേഡ് യൂണിയനുകളെ ഏർപ്പെടുത്തുകയെന്നു പറഞ്ഞാൽ സുഖകരമായ ഒരു കാര്യമാണ്. രസകരമായി നടക്കുമെങ്കിലും വസ്തുനിഷ്ഠമായി നടക്കുമോ എന്ന കാര്യത്തിൽ സംശയമുണ്ട്.

ശ്രീ. ടി. എച്ച്. മുസ്തഫ: ടാക്സികളും ആട്ടോറിക്ഷകളും ഒരേ സ്ഥലത്തുനിന്നു ഒരേ സ്ഥലത്തേക്കു പോകുവാൻ വിവിധ ചാർജുകൾ ഈടാക്കുന്ന നടപടി സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. ഇവിടെ എം.എൽ.എ. ക്വാർട്ടേഴ്സിൽ നിന്നു പോകുന്ന കാര്യത്തിൽപോലുമുണ്ട്. ഇതിന് ഒരു ഏകീകരണമുണ്ടാക്കുവാൻ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഏകീകരണം ഇല്ലാത്തതുകൊണ്ടല്ല. പല ടാക്സിഡ്രൈവർമാരും പല തരത്തിലുള്ള ചാർജുകൾ ഈടാക്കുന്നുണ്ടെന്നുള്ള പരാതിയുണ്ട്. അതുസംബന്ധിച്ച് കർശനമായ നടപടിയെടുക്കും. അങ്ങനെ നടപടിയെടുക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പറൻമാർ അതിനോടു സഹകരിക്കണമെന്നു മാത്രമേ പറയുന്നുള്ളു.

ശ്രീ. പി. പി. എസ്തോസ്: ടാക്സികളിൽ മീറ്റർ ഘടിപ്പിക്കണമെന്നുള്ളതു കർശനമാക്കുക. അതിനു പണമില്ലാത്തവർക്കു നിരവധി ഏജൻസികൾ പണം വായ്പ കൊടുക്കുന്നുണ്ട്. അതുകൊണ്ട് മീറ്റർ ഘടിപ്പിക്കുവാൻ നിർബന്ധമായും നടപടികൾ സ്വീകരിച്ചുകൊണ്ട് പണം കിട്ടത്തക്കവിധത്തിൽ ഒരു നടപടി നടത്തുകയും ജില്ലാതലസ്ഥാനങ്ങളിൽ കർശനമാക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മീറ്റർ വാങ്ങിക്കുവാൻ പണത്തിന്റെ കുറവാണ് തൊഴിലാളികൾക്കുള്ളതെങ്കിൽ അതു സംഘടിപ്പിച്ചുകൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. പണം ഇല്ലാത്തതുകൊണ്ട് കാലതാമസം വേണമെങ്കിൽ അതിനെപ്പറ്റിയും ആലോചിക്കാം. കടം വാങ്ങിച്ചുകൊടുക്കണമെങ്കിൽ അതിനെപ്പറ്റിയും ആലോചിക്കാം.

ശ്രീ. കെ. രാഘവൻമാസ്റ്റർ: ടാക്സികാറുകളുടെയും ആട്ടോറിക്ഷകളുടെയും മിനിമം ചാർജ് നോട്ടിഫൈ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രയെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മിനിമം ചാർജ് നോട്ടിഫൈ ചെയ്തിട്ടുണ്ട്. ടാക്സികൾക്കു ഒരു രൂപയും ആട്ടോറിക്ഷകൾക്കു 50 പൈസയും (പെർ കിലോമീറ്റർ) ആണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാണാറത്തു കുഞ്ഞിമുഹമ്മദ്: വാഹനങ്ങളിൽനിന്നും ഇരു ഭാഗത്തുകൂടെയും ഇറങ്ങുന്നതുകൊണ്ട് റോഡപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നു എന്നുള്ളതു പരിഗണിച്ച് ഒരു ഭാഗത്തുകൂടി മാത്രം ഇറങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ശ്രദ്ധിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആട്ടോറിക്ഷകളിൽ ഒരു ഭാഗത്തു നിന്നുമാത്രം ഇറങ്ങാനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: നമ്മുടെ സംസ്ഥാനത്ത് കേരള ഗവൺമെൻറിൻെറ നിയമം നടപ്പിലാക്കേണ്ട പോലീസ് ഉദ്യോഗസ്ഥൻമാരിൽനിന്നും ആട്ടോറിക്ഷാ ഡ്രൈവർമാർക്കും ടാക്സി ഡ്രൈവർമാർക്കും കൂടുതൽ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അതിനു പരിഹാരം കാണാൻ 23.ം തീയതി ഒരു പൊതുപണിമുടക്കിനു ആഹ്വാനം നൽകിയിട്ടുണ്ട്. അതുകൊണ്ട് ആ പണിമുടക്കിനുമുൻപായി അവരെ വിളിച്ച് ചർച്ച ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പൊതുപണിമുടക്കിനെ സംബന്ധിച്ച് ഗവൺമെൻറിന് അറിവു കിട്ടിയിട്ടില്ല. ബഹുജനങ്ങളിൽനിന്നും ധാരാളം പരാതി ആട്ടോറിക്ഷാഡ്രൈവർമാരെ സംബന്ധിച്ചും ടാക്സി ഡ്രൈവർമാരെ സംബന്ധിച്ചും ഉണ്ടാകുന്നുണ്ട്. അതു പരിഹരിക്കുവാൻവേണ്ടി കർശനമായ നടപടി സ്വീകരിക്കുമ്പോൾ അവർക്ക് പോലീസുകാരിൽനിന്നും ഇഷ്ടമില്ലാത്ത പ്രവർത്തനങ്ങൾ സഹിക്കേണ്ടിവരും.

(582.ം നമ്പർ ചോദ്യം ചോദിച്ചില്ല)

ചീഫ് കൺസ്ട്രക്ഷൻ എൻജിനീയർ തസ്തികയിലെ നിയമനം

* 548 [583] ശ്രീ. സി. വാസുദേവമേനോൻ:
,, എ. നീലലോഹിതദാസ നാടാർ
,, കെ. സി. വാസുദേവൻ:
,, ആർ. സുന്ദരേശൻനായർ:
,, ചടയൻ ഗോവിന്ദൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
,, കെ. അനിരുദ്ധൻ:
,, പി. ബി. ആർ. പിള്ള
,, പി. കെ. ശങ്കരൻകുട്ടി:
,, പി. തോമസ്സുക്കരൻ:
,, പി. ആർ. ശിവൻ:
,, പി. കെ. ഇട്ടൂപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറിൻെറ കീഴിലുള്ള ഒസർവർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെൻറ് ആൻറ് മാനേജ്മെൻറിൽ

LIBRARY ARCHIVES Kerala Legislative Assembly